# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

**ANNUAL EXAM**

**CLASS - 12 Private (YEAR 2022)**

---

**1) 72 പണ്ഡിതന്മാർ ചേർന്ന് നിർവഹിച്ച പഴയനിയമ പരിഭാഷ ഏതാണ്?**
A) പെഷീത്താ
<u>**B) സെപ്റ്റുവജിന്റ്**</u>
C) വൾഗേറ്റ്
D) കിങ് ജെയിംസ്

**2) വേദപുസ്തകത്തെ സംബന്ധിക്കുന്ന പ്രോട്ടസ്റ്റന്റ് സഭയുടെ വീക്ഷണം എന്താണ്?**
<u>**A) സഭയുടെ പ്രമാണങ്ങൾക്കുള്ള ഏക ആധാരം വേദപുസ്തകം മാത്രമാണ്.**</u>
B) സഭയുടെ പ്രമാണങ്ങളെ സംബന്ധിച്ച് വേദപുസ്തകം ആധാരമല്ല.
C) വേദപുസ്തകത്തിന്റെ ആധികാരികതയെ സംബന്ധിച്ച് പ്രോട്ടസ്റ്റന്റ്-ഓർത്തഡോക്സ് സഭകൾ ഒരേ വീക്ഷണമാണ് പാലിക്കുന്നത്.
D) വേദപുസ്തകത്തിന്റെ ആധാരത്തിനു കാരണം പാരമ്പര്യങ്ങളാണ്.

**3) തെറ്റായ പ്രസ്താവന തെരഞ്ഞെടുക്കുക.**
<u>**A) പഴയ നിയമം മറഞ്ഞുകിടക്കുന്നത് പുതിയനിയമത്തിലാണ്.**</u>
B) പുതിയനിയമ പഠനം ശരിയായി നടത്താൻ പഴയനിയമത്തെപ്പറ്റിയുള്ള പരിജ്ഞാനം അനിവാര്യമാണ്.
C) പഴയനിയമ സംഭവങ്ങളും ഉപദേശങ്ങളും പൂർത്തീകരിക്കപ്പെടുന്നത് പുതിയനിയമത്തിലാണ്.
D) പഴയനിയമം പ്രകാശിതമാകുന്നത് പുതിയനിയമത്തിലാണ്.

**4) എന്തുകൊണ്ടാണ് പുതിയനിയമത്തിലെ എഴുത്തുകാർ പഴയനിയമത്തിൽനിന്നുള്ള ഉദ്ധരണികൾ എടുത്തത്?**
A) അവരുടെ പഴയനിയമ പാണ്ഡിത്യം പ്രകടമാക്കുവാൻ.അവരുടെ പഴയനിയമ പാണ്ഡിത്യം പ്രകടമാക്കുവാൻ.
B) ക്രിസ്തീയ സഭയുടെ പെട്ടെന്നുള്ള രൂപീകരണം തെളിയിക്കുവാൻ.ക്രിസ്തീയ സഭയുടെ പെട്ടെന്നുള്ള രൂപീകരണം തെളിയിക്കുവാൻ.
C) യഹൂദന്മാരുടെ മുൻതൂക്കം തെളിയിക്കുവാൻ.
<u>**D) ക്രിസ്തീയ സഭ ദീർഘമായ ഒരുക്കത്തിന്റെയും ദൈവിക പദ്ധതിയുടെയും പരിണതഫലമായി രൂപപ്പെട്ടതാണെന്നു തെളിയിക്കുവാൻ.**</u>

**5) തമ്മിലുള്ള സാമ്യതയുടെ അടിസ്ഥാനത്തിൽ ആദ്യ മൂന്നു സുവിശേഷങ്ങളെ (മത്തായി, മർക്കോസ്, ലൂക്കോസ്) വിശേഷിപ്പിക്കുന്നതെന്താണ്?**
<u>**A) സമവീക്ഷണ സുവിശേഷങ്ങൾ.**</u>
B) അപ്പോസ്തലിക സുവിശേഷങ്ങൾ.
C) ക്രിസ്തീയ സുവിശേഷങ്ങൾ.
D) പാരമ്പര്യ സുവിശേഷങ്ങൾ.

**6) സഭകളിലുയർന്ന പ്രശ്നങ്ങൾക്കുള്ള പ്രതികരണമായി കത്തുകൾ**

**എഴുതിയതാര്?**
A) യോഹന്നാൻ സ്നാപകൻ
B) യേശുക്രിസ്തു
**<u>C) പൗലോസ് ശ്ലീഹാ</u>**
D) തോമ്മാശ്ലീഹാ

**7) വിശ്വാസികളുടെ 'പാതയ്ക്കു ദീപവും പാദത്തിനു പ്രകാശവും' എന്താണ്?**
**<u>A) തിരുവെഴുത്ത്</u>**
B) പ്രവാചകന്മാർ
C) പാരമ്പര്യങ്ങൾ
D) സഭ

**8) 'ലോകത്തിനു ജീവനും രക്ഷയും നൽകുന്ന ദൈവത്തിന്റെ വചനം' എന്ന ആമുഖ വാക്കുകൾ നാം കേൾക്കുന്നത് എപ്പോഴാണ്?**
A) പഴയനിയമ വായന.
B) പുതിയനിയമ വായന.
**<u>C) സുവിശേഷത്തിൽനിന്നുള്ള വായന.</u>**
D) പ്രവാചക പുസ്തകങ്ങളിൽനിന്നുള്ള വായന.

**9) യൂദായ്ക്കു പകരം അപ്പോസ്തലിക വൃന്ദത്തിലേക്ക് തെരഞ്ഞെടുത്തത് ആരെ?**
A) ശീമോൻ
B) തോമസ്
**<u>C) മത്ഥിയാസ്</u>**
D) യോന

**10) യെറുശലേം കൗൺസിലിനെ സംബന്ധിക്കുന്ന ശരിയായ പരാമർശം ഏതാണ്?**
A) AD 325 ലാണ് കൗൺസിൽ കൂടിയത്.
**<u>B) ക്രൈസ്തവ സഭയ്ക്ക് തനതായ അസ്തിത്വം ഉണ്ടാക്കുന്നതിൽ ഈ കൗൺസിൽ കാരണമായിത്തീർന്നു.</u>**
C) ഈ കൗൺസിലിനു ശേഷം സഭയുടെ വളർച്ച കുറഞ്ഞു.
D) അപ്പോസ്തല പ്രവൃത്തികൾ 28-ാം അധ്യായത്തിൽ ഈ കൗൺസിലിനെക്കുറിച്ചു വിവരിക്കുന്നു.

**11) AD 825 ലെ പേർഷ്യൻ കുടിയേറ്റത്തിന് നേതൃത്വം നൽകിയത് ആര്?**
A) മാർ അദ്ദായി
B) ക്നായി തോമ്മാ
**<u>C) സബ്റീശോ</u>**
D) മാർ ജോസഫ്

**12) ചരിത്രത്തിൽ 'മലങ്കര സഭയുടെ സ്വാതന്ത്ര്യസമരം' എന്നറിയപ്പെടുന്ന സംഭവം ഏതാണ്?**
**<u>A) കൂനൻകുരിശു സത്യം</u>**
B) ഉദയംപേരൂർ സുന്നഹദോസ്
C) മാവേലിക്കര പടിയോല
D) പേർഷ്യൻ കുടിയേറ്റം

**13) തിഗ്രീസിലെ മഫ്രിയാനെ സംബന്ധിക്കുന്ന തെറ്റായ പരാമർശം ഏതാണ്?**
A) അന്ത്യോഖ്യൻ സുറിയാനി സഭാംഗങ്ങളായി പേർഷ്യയിൽ അധിവസിക്കുന്നവരുടെ തലവനായിരുന്നു മഫ്രിയാന.
**B) അന്ത്യോഖ്യയിലെ പാത്രിയർക്കീസിന്റെ തലവനാണ് തിഗ്രീസിലെ മഫ്രിയാന.**
C) തിഗ്രീസിലെ മഫ്രിയാനെ വാഴിക്കുന്നത് പാത്രിയർക്കീസായിരുന്നു.
D) സുറിയാനി സഭാംഗങ്ങളായി തിഗ്രീസിൽ പാർത്തിരുന്നവർക്ക് മഫ്രിയാന ഇടയ ശുശ്രൂഷ നിർവഹിച്ചു.

**14) നിന്നുപോയതും ഇപ്പോൾ നിലവിലില്ലാത്തതുമായ കാതോലിക്കേറ്റ് ഏതാണ്?**
**A) തിഗ്രീസിലെ കാതോലിക്കേറ്റ്.**
B) മലങ്കരയിലെ കാതോലിക്കേറ്റ്.
C) അർമേനിയായിലെ കാതോലിക്കേറ്റ്.
D) ജോർജിയായിലെ കാതോലിക്കേറ്റ്.

**15) ഇന്ന് മലങ്കര സഭയുടെ ലൗകികവും വൈദികവും ആത്മീയവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം വഹിക്കുന്നത് ആരാണ്?**
A) പാത്രിയർക്കീസ്
**B) മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും**
C) മാർത്തോമ്മാ മെത്രാപ്പോലീത്താ
D) മഫ്രിയാന

**16) സുപ്രീംകോടതി വിധിയെത്തുടർന്ന് മലങ്കര സഭയിൽ സമാധാനം ഉണ്ടായത് ഏതു വർഷം?**
A) 1912
B) 1934
C) 1946
**D) 1958**

**17) വിവാഹ കൂദാശയുടെ രണ്ടാം ഭാഗം ഏതാണ്?**
A) മോതിരം വാഴ്വ്
B) അനാഫോറാ
C) കുടുംബത്തിന്റെ വാഴ്വ്
**D) കിരീടം വാഴ്വ്**

**18) താഴെ പറയുന്നവയിൽ ഇന്നത്തെ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളി എന്താണ്?**
A) കൗദാശികമായ മൂല്യത്തിന് പ്രാധാന്യം നഷ്ടപ്പെട്ടു.
B) ഭാര്യാ ഭർത്താക്കന്മാരുടെ ഉത്തരവാദിത്വങ്ങളിൽ വന്ന മാറ്റങ്ങൾ.
C) മാധ്യമങ്ങളുടെ തെറ്റായ സ്വാധീനങ്ങൾ.
**D) ഇവയെല്ലാം.**

**19) കുടുംബങ്ങളുടെ ദൃഢമായ ബന്ധത്തിന് അനിവാര്യമായ മാർഗ്ഗങ്ങൾ തെരഞ്ഞെടുക്കുക.**
**i. സമൂഹത്തെ കുടുംബത്തിന്റെ കേന്ദ്രമാക്കി ആഴമേറിയ ആത്മീയത കൈവരിക്കുക.**

**ii. കുഞ്ഞുങ്ങളെ പഥ്യോപദേശത്തിൽ വളർത്തുക.**
**iii. ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായ യുവാക്കളുടെ വളർച്ച.**
A) i, ii, iii
**B) ii, iii**
C) i, ii
D) i, iii

**20) മലങ്കര ഓർത്തഡോക്സ് സഭയിലേക്ക് വിവാഹം വഴി കടന്നുവരുന്നതിനു മുൻപ് മാമോദീസാ ഉൾപ്പെടെ സഭയുടെ വിശ്വാസം സ്വീകരിക്കേണ്ടത് ഏതു സഭാ വിഭാഗത്തിൽ ജനിച്ചുവളർന്നവരാണ്?**
**A) പെന്തക്കോസ്തുകാർ**
B) റോമൻ കത്തോലിക്കർ
C) മാർത്തോമ്മാ സഭ
D) സുറിയാനി ഓർത്തഡോക്സ് സഭ.

**21) ലോക ചരിത്രത്തിലെ ഏറ്റവും ആദ്യത്തെ ഏക ദൈവവിശ്വാസികളുള്ള മതം?**
**A) യഹൂദ മതം**
B) ഇസ്ലാം മതം
C) ക്രൈസ്തവ മതം
D) ഷിന്റോ മതം

**22) ഗുരു നാനാക്കിന്റെയും പിൽക്കാല ഗുരുക്കന്മാരുടെയും ഉപദേശങ്ങൾ ചേർത്ത സിക്കു മതത്തിന്റെ പ്രധാന ഗ്രന്ഥം ഏതാണ്?**
A) ത്രിപീഠിക
**B) ഗുരു ഗ്രന്ഥസാഹിബ്**
C) ഗാഥകൾ
D) ഗുരുനാനാക്ക് സാഹിബ്

**23) വി. മർക്കോസിന്റെ സിംഹാസന പിന്തുടർച്ചയുള്ള ഓറിയന്റൽ ഓർത്തഡോക്സ് സഭ ഏതാണ്?**
**A) കോപ്റ്റിക് സഭ**
B) സിറിയൻ ഓർത്തഡോക്സ് സഭ
C) എത്യോപ്യൻ സഭ
D) അർമേനിയൻ സഭ

**24) ആദ്യത്തെ മൂന്നു സുന്നഹദോസുകളും കൽക്കദോൻ ഉൾപ്പെടെ ഏഴു സാർവത്രിക സുന്നഹദോസുകൾ മാത്രം അംഗീകരിക്കുന്ന സഭാവിഭാഗം ഏതാണ്?**
A) ഓറിയന്റൽ ഓർത്തഡോക്സ്
**B) ബൈസന്റിൻ ഓർത്തഡോക്സ്**
C) റോമൻ കത്തോലിക്ക
D) പ്രൊട്ടസ്റ്റന്റ്

**25) സഭാപ്രവർത്തനങ്ങളെ ഐക്യത്തിന്റെ പാതയിൽ കൊണ്ടുവരാൻ പ്രേരകമായ ക്രിസ്തീയ സംഘടന ഏതാണ്?**
**A) Young Men Christian Association.**
B) World Peace and Unity Association.

C) Christian Movement for Peace and Unity.
D) Church Unity Association.

**26) താഴെ പറയുന്നവയിൽ എക്യൂമെനിക്കൽ പ്രസ്ഥാനത്തിന്റെ നേട്ടങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**
A) ക്രൈസ്തവ സഹകരണത്തിനും സാക്ഷ്യത്തിനും അവസരമൊരുങ്ങി.
B) സഭൈക്യ നടപടികൾക്കു സഹായിച്ചു.
<u>**C) മതങ്ങൾ തമ്മിലുള്ള സഹകരണം കുറച്ചു.**</u>
D) വേദശാസ്ത്ര പഠന മേഖലയിൽ സംയുക്ത സംരംഭങ്ങളും അവസരങ്ങളും ഉണ്ടായി.

**27) WCC യുടെ പ്രസിഡന്റായി 1983 മുതൽ 1991 വരെ സേവനം അനുഷ്ഠിച്ചത് ആര്?**
A) ഗീവർഗീസ് മാർ ഒസ്താത്തിയോസ്.
<u>**B) പൗലോസ് മാർ ഗ്രിഗോറിയോസ്.**</u>
C) തോമസ് മാർ മക്കാറിയോസ്.
D) ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ.

**28) ഓറിയന്റൽ ഓർത്തഡോക്സ് സഭാതലവന്മാരുടെ സമ്മേളനത്തിന് ആതിഥേയത്വം വഹിച്ച എത്യോപ്യൻ ചക്രവർത്തി ആരാണ്?**
<u>**A) ഹെയ്‌ലി സലാസി**</u>
B) ജോൺ മൂന്നാമൻ
C) അബൂനാ ഷെനൂഡാ
D) ആഡിസ് അബാബ

**29) സർവ്വവിധ വിഭാഗീയതകൾക്കും അതീതമായി മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ പ്രേരിപ്പിക്കുകയും വ്യക്തിവൈശിഷ്ട്യം വിലമതിക്കുകയും ചെയ്യുന്ന മനുഷ്യാവകാശങ്ങളുടെ ആധികാരിക രേഖ ഏതാണ്?**
<u>**A) Universal Declaration of Human Rights.**</u>
B) United Nations Declaration of Human Rights.
C) United Nations Human Dignity Document.
D) Universal Document on Human Rights and Dignity.

**30) ജീവൻ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രബോധനം, പരിശീലനം, കൗൺസിലിങ്, മാർഗ്ഗനിർദ്ദേശം എന്നിവ ലഭ്യമാക്കുന്ന പ്രസ്ഥാനങ്ങൾ ഏതാണ്?**
<u>**A) ജീവൻ പരിപോഷണ പ്രസ്ഥാനം.**</u>
B) മാനവിക പ്രസ്ഥാനം.
C) ജീവൻ സുരക്ഷാ പ്രസ്ഥാനം.
D) മനുഷ്യജീവൻ പ്രസ്ഥാനം.

**31) മഹാത്മാഗാന്ധിയുടെ 'സർവോദയ' എന്ന ആശയവുമായി ബന്ധപ്പെടാത്ത പരാമർശം ഏതാണ്?**
A) എല്ലാവർക്കും നന്മയുണ്ടാകുക
<u>**B) ഏറ്റവും അർഹമായതിന് അതിജീവനം.**</u>
C) എല്ലാവരുടെയും ഭൗതികവും ആത്മീയവുമായ സ്വാതന്ത്ര്യം.
D) ധാർമ്മികമായ മാർഗ്ഗത്തിലൂടെ മാത്രമേ വിജയകരമായ അന്ത്യത്തിലെത്താൻ പറ്റുകയുള്ളു.

**32) മതങ്ങൾ തമ്മിലുള്ള അസഹിഷ്ണുത, വർഗീയ കലാപങ്ങൾ എന്നിവയ്ക്ക് പ്രതിവിധി തെരഞ്ഞെടുക്കുക.**
A) വിവിധ മതങ്ങളുടെ ഔപചാരികവും അനൗപചാരികവുമായ ചർച്ചകൾ.
B) വിവിധ മതങ്ങൾ ചേർന്നുള്ള പ്രാർത്ഥനാ കൂട്ടങ്ങളും തീർത്ഥാടനവും.
C) പല മത വിഭാഗങ്ങളിലെ മനുഷ്യർ തമ്മിലുള്ള സഹകരണം.
**D) ഇവയെല്ലാം.**

**33) ഫെമിനിസ്റ്റ് വേദശാസ്ത്രത്തിന്റെ ഉദ്ദേശ്യങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**
A) പാരമ്പര്യങ്ങളെയും ശീലങ്ങളെയും സ്ത്രീപക്ഷത്തു നിന്നുകൊണ്ട് പുനരാഖ്യാനിക്കുക.
B) മതപരമായ നേതൃത്വത്തിൽ സ്ത്രീകളുടെ പങ്കു വർദ്ധിപ്പിക്കുക.
**C) സ്ത്രീപക്ഷ വ്യാഖ്യാനങ്ങൾ ഇല്ലാതാക്കുക.**
D) ദൈവത്തെക്കുറിച്ച് എഴുതിയിട്ടുള്ള ഭാഷ പുനർവായിക്കുക.

**34) ധനത്തെ സംബന്ധിക്കുന്ന ക്രിസ്തീയ പ്രബോധനത്തിൽ ഉൾപ്പെടാത്തത് ഏതാണ്?**
A) ദരിദ്രർക്കും ആവശ്യക്കാർക്കും ധനം പങ്കിടുക.
**B) സകലത്തിന്റെയും ഉടമസ്ഥർ മനുഷ്യരാണ്.**
C) പാർശ്വവത്കരിക്കപ്പെട്ടവരുടെ ആവശ്യങ്ങളോട് താദാത്മ്യപ്പെടുക.
D) വിശ്വാസവും സാമൂഹിക നീതിയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു.

**35) 'ദൈവം' എന്നതിന് ഉല്പത്തി 1:1 ൽ എബ്രായ ബൈബിളിൽ നൽകിയിരിക്കുന്ന വാക്ക് ഏതാണ്?**
A) യഹോവ
**B) ഏലോഹിം**
C) അഡോണായി
D) ഏൽ ഷദായി

**36) പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളെ സംബന്ധിക്കുന്ന ക്രിസ്തീയ പഠിപ്പിക്കലിൽ ഉൾപ്പെടാത്തത് ഏതാണ്?**
A) ആളത്തങ്ങൾ ശക്തിയിലും മഹത്വത്തിലും തുല്യരാണ്.
B) ആളത്തങ്ങൾ തമ്മിൽ വ്യത്യാസങ്ങളില്ല.
**C) ആളത്തങ്ങൾ തമ്മിൽ കാലവ്യത്യാസമുണ്ട്.**
D) ആളത്തങ്ങളുടെ ഉണ്മ നിത്യമാണ്.

**37) പുതിയനിയമത്തിൽ 'പാരമ്പര്യം' എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്ക് ഏതാണ്?**
A) അഗാപ്പെ
**B) പാരഡോസിസ്**
C) ഊസിയാ
D) നിക്കോസ്

**38) സഭയുടെ പരിശുദ്ധ പാരമ്പര്യത്തെ നാം കാണേണ്ടത് പരിശുദ്ധാത്മാവിനാൽ സാധ്യമാകുന്ന തുടരനുഭവത്തിലൂടെയാണ് എന്നു പഠിപ്പിച്ച സഭാപിതാവാരാണ്?**
**A) വലിയ മാർ ബസേലിയോസ്**
B) വി. ഗ്രിഗോറിയോസ്

C) വി. ജോൺ ക്രിസോസ്റ്റം
D) വി. ഇഗ്നാത്തിയോസ്

**39) ശരിയായ അപ്പോസ്തലിക പിന്തുടർച്ചയുടെ ആവശ്യകതയെക്കുറിച്ച് 'സത്യവിശ്വാസ വിരുദ്ധർക്കെതിരെ' എന്ന ഗ്രന്ഥത്തിൽ എഴുതിയ പിതാവാരാണ്?**
A) വലിയ മാർ ബസേലിയോസ്
B) വി. ഗ്രിഗോറിയോസ്
<u>**C) വി. ഐറേനിയോസ്**</u>
D) വി. ഇഗ്നാത്തിയോസ്

**40) സന്ന്യസ്ത പിതാക്കന്മാരുടെ സംഭാവനകളുമായി ബന്ധപ്പെട്ട് ശരിയായ പരാമർശം ഏതാണ്?**
A) വി. ഇഗ്നാത്തിയോസ് അനവധി സന്ന്യസ്ത ആദ്ധ്യാത്മികതാ പാഠങ്ങൾ എഴുതി.
<u>**B) വി. പക്കോമിയോസ് സന്ന്യാസത്തിന് നിയമാവലികൾ പ്രസിദ്ധീകരിച്ചു.**</u>
C) വി. ക്ലിമ്മീസ് ആദ്ധ്യാത്മിക രചനകളും സന്ന്യാസികൾക്കായി നിയമസംഹിതകളും എഴുതി.
D) ഇവയെല്ലാം ശരിയാണ്.

**41) ബർത്തലോമായി, തദ്ദേവൂസ് എന്നീ അപ്പോസ്തലന്മാരുടെ പാരമ്പര്യം അവകാശപ്പെടുന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭ ഏതാണ്?**
<u>**A) അർമ്മീനിയൻ സഭ**</u>
B) കോപ്റ്റിക് സഭ
C) എത്യോപ്യൻ സഭ
D) എറിത്രിയൻ സഭ

**42) താഴെ പറയുന്നവയിൽ സൺഡേസ്കൂൾ അധ്യാപനത്തിന്റെ ദീർഘകാല ലക്ഷ്യങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**
A) ഓർത്തഡോക്സ് വിശ്വാസത്തിൽ അടിയുറച്ച് ഒരു ഉത്തമ ക്രിസ്തീയ ജീവിതം നയിക്കുക.
B) പരിശുദ്ധാത്മ ആശയങ്ങൾ പുറപ്പെടുവിക്കുക.
C) സഭയ്ക്കും സമൂഹത്തിനും ഉപകാരികളായി വർത്തിക്കുക.
<u>**D) സൺഡേസ്കൂൾ പരീക്ഷയിൽ ഉന്നത ഗ്രേഡുകൾ കരസ്ഥമാക്കുക.**</u>

**43) പാഠഭാഗങ്ങൾ പഠിക്കുന്ന സമയത്ത് കുട്ടികൾക്ക് സ്വയം ചിന്തിച്ച് വിവിധ ആശയങ്ങൾ രൂപപ്പെടുത്താനുള്ള പ്രേരണ നൽകുന്ന പഠനരീതി ഏതാണ്?**
A) ചർച്ചാരീതി
B) കഥാവതരണ രീതി
C) പ്രൊജക്ട് രീതി
<u>**D) ചിന്താനൈപുണ്യ വികസന രീതി.**</u>

**44) പഠനസഹായികളുടെ പ്രത്യേകതകൾ എന്തെല്ലാമാണ്?**
A) നല്ല പ്രേരകവസ്തുക്കളാണ് പഠന സഹായികൾ.
B) വൈവിധ്യമാർന്ന ഇന്ദ്രിയ അനുഭവം പകരുന്നു.
C) സമയത്തിന്റെയും ഊർജ്ജത്തിന്റെയും ലാഭമുണ്ടാകുന്നു.
<u>**D) ഇവയെല്ലാം ശരിയാണ്.**</u>

**45) ഒരു സൺഡേസ്കൂൾ അധ്യാപകന്റെ ചുമതലകളിൽ ഉൾപ്പെടുന്നത്**

**ഏതാണ്?**
A) കുട്ടികൾക്ക് പ്രോത്സാഹനവും മാർഗ്ഗദർശനവും നൽകുക.
B) പഠനയാത്രകളും തീർത്ഥാടനങ്ങളും ഹെഡ്മാസ്റ്ററുടെ സഹകരണത്തോടെ നടത്തുക.
C) സമ്മേളനങ്ങളിലും അധ്യാപക പരിശീലന പരിപാടികളിലും പങ്കെടുക്കുക.
**D) ഇവയെല്ലാം.**

**46) ക്രിസ്തീയ ബോധനത്തിന്റെയും ജീവിതത്തിന്റെയും ആത്യന്തിക ലക്ഷ്യം എന്താണ്?**
A) മനുഷ്യാവതാരം
**B) ദൈവീകരണം**
C) മഹത്വീകരണം
D) നീതീകരണം

**47) യഹൂദ വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ശരിയായ പരാമർശം ഏതാണ്?**
A) കുട്ടികളുടെ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വം പിതാവിനാണ്.
B) പെരുന്നാൾ വേളകളെ പ്രബോധനത്തിനുള്ള അവസരങ്ങളായി ഉപയോഗിച്ചിരുന്നു.
C) സിനഗോഗുകൾ മതബോധന കേന്ദ്രങ്ങളായിരുന്നു.
**D) ഇവയെല്ലാം ശരിയാണ്.**

**48) മലങ്കരസഭയിലെ സൺഡേസ്കൂൾ പ്രസ്ഥാനത്തെ സംബന്ധിക്കുന്ന ശരിയായ പരാമർശം ഏതാണ്?**
A) മാർത്തോമ്മാ അഞ്ചാമൻ ഒരു മതബോധന ക്രമീകരണം ഏർപ്പെടുത്തി.
B) മലങ്കരസഭയിലെ സൺഡേസ്കൂളുകളുടെ ഏകീകരണം ഉണ്ടായത് മാർത്തോമ്മാ അഞ്ചാമന്റെ ഭരണകാലത്താണ്
**C) 1930 ൽ പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ്, പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി**
D) ഇവയെല്ലാം ശരിയാണ്.

**49) വിദ്യാർത്ഥികൾക്ക് സഭയുമായുള്ള ബന്ധം ഉലയാതെ ദൃഢമായി നിലനിർത്തുന്നതിനോടൊപ്പം അവർക്ക് ക്രിസ്തീയ തുടർ വിദ്യാഭ്യാസം നൽകുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന പ്രസ്ഥാനം ഏതാണ്?**
**A) MGOCSM**
B) OCYM
C) AMOSS
D) മർത്തമറിയം സമാജം

**50) പരിസ്ഥിതിയെ സംബന്ധിക്കുന്ന ഓർത്തഡോക്സ് സഭയുടെ വീക്ഷണം ഏതാണ്?**
A) ഭൂമിയെയും പ്രകൃതിയെയും സംരക്ഷിക്കാനുമുള്ള ഉത്തരവാദിത്വം മനുഷ്യനുണ്ട്.
B) പരിസ്ഥിതി സംരക്ഷണത്തിന് ഒരു ആത്മീയ അടിസ്ഥാനമുണ്ട്.
C) പ്രകൃതിയുടെ ചൂഷണത്തിനു കാരണം മനുഷ്യന്റെ ആർത്തിയും ഭൂമിയെ സംരക്ഷിക്കുവാൻ ഏൽപ്പിച്ച ദൗത്യം വിസ്മരിക്കുന്നതുമാണ്.
**D) ഇവയെല്ലാം ശരിയാണ്.**

**51) താഴെ പറയുന്നവയിൽനിന്നും IT മേഖലയിലെ ദുരുപയോഗങ്ങൾ കണ്ടെത്തുക?**
A) ബാങ്കിങ് മേഖലയിലെ തട്ടിപ്പുകൾ.
B) വ്യാജ ഈ-മെയിൽ സന്ദേശങ്ങൾ.
C) അശ്ലീല വെബ്സൈറ്റുകൾ.
**D) ഇവയെല്ലാം.**

**52) ശാസ്ത്രം, സാങ്കേതികത എന്നിവയോടുള്ള ക്രിസ്തീയ സമീപനം എന്താണ്?**
A) ക്രിസ്ത്യാനികൾ കൺസ്യൂമർ സംസ്കാരത്തെ പിന്തുണയ്ക്കണം.
B) യുവാക്കൾക്കിടയിലെ ആത്മീയ വിടവു കുറയ്ക്കാൻ സാങ്കേതികതയ്ക്കാകും.
C) ദൈവത്തിലുള്ള വിശ്വാസത്തിനു പകരം നിൽക്കാൻ സാങ്കേതികതയ്ക്കാകും.
**D) സമൂഹത്തിന്റെ നന്മയ്ക്കായി ശാസ്ത്രവും സാങ്കേതികതയും നമ്മൾ ഉപയോഗിക്കണം.**

**53) നമ്മുടെ ജീവിതത്തിലെ പ്രതിസന്ധികളെ അതിജീവിക്കുവാൻ സഹായിക്കുന്നതെന്താണ്?**
A) മദ്യം
B) മയക്കുമരുന്ന്
C) സിഗരറ്റ്
**D) ഇവയൊന്നുമല്ല.**

**54) ലൗകികതയിൽനിന്നും ദൈവീകരണത്തിന്റെ അനുഗ്രഹിക്കപ്പെട്ട അവസ്ഥയിലേക്കു നമ്മെ നയിക്കുന്നതെന്താണ്?**
**A) ദൈവകൃപ**
B) സാമൂഹികസേവനം
C) സമാധാനം
D) പ്രാർത്ഥനയും ഉപവാസവും.

**55) ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകത എന്താണ്?**
**i. ജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുവാൻ പ്രാദേശിക ഭാഷ ഉപയോഗിക്കുന്നു.**
**ii. ആരാധന വ്യക്തി കേന്ദ്രീകൃതമാണ്.**
**iii. സത്യവിശ്വാസം പഠിപ്പിക്കുന്നതിനുള്ള ഏറ്റവും പ്രധാന മാധ്യമം ആരാധനയാണ് എന്നു കരുതുന്നു.**
**iv. ആരാധന വേദപുസ്തകഭാഗങ്ങളാൽ സമ്പന്നമാണ്.**
**v. പ്രാർത്ഥനകൾ ജനങ്ങൾക്കു പരിസ്ഥിതി ബോധം നൽകുന്നു.**
A) i,ii,iii
B) i,ii,iv,v
**C) i,iii,iv,v**
D) ii,iii,iv,v

**56) എന്താണ് 'ഹൂസോയോ' പ്രാർത്ഥന?**
**A) പാപപരിഹാര പ്രാർത്ഥന**
B) മധ്യസ്ഥ പ്രാർത്ഥന
C) ധൂപ പ്രാർത്ഥന
D) സമാപന പ്രാർത്ഥന

**57) 'ഹൗദ് മാലാഖെ' എന്നറിയപ്പെടുന്ന സ്ലീബാ ആഘോഷം**

**ഉൾപ്പെടുത്താത്ത ശുശ്രൂഷ ഏതാണ്?**
A) ജനനപെരുന്നാൾ
B) ദുഃഖവെള്ളിയാഴ്ച
C) ഉയിർപ്പ് പെരുന്നാൾ
**D) പെന്തക്കോസ്തി**

**58) വി. കുർബാനയിൽ പുരോഹിതന്റെ പ്രാർത്ഥനകളിൽ ഭൂരിപക്ഷവും സംബോധന ചെയ്യുന്നത് ആരെയാണ്?**
A) പ. സഭ
B) പുത്രനാം ദൈവം
**C) വി. ത്രിത്വം**
D) പരിശുദ്ധാത്മാവ്

**59) ധൂപക്കുറ്റിയുടെ ചങ്ങലകൾ കൈയിൽ ഒരുമിച്ചു ചേർത്തുപിടിച്ചുകൊണ്ട് 'സ്തൗമൻ കാലോസ്' എന്ന് ഉച്ചത്തിൽ പ്രഖ്യാപിക്കുന്നതിന്റെ സാംഗത്യം എന്താണ്?**
**A) ദേവാലയത്തിൽ ഉള്ളവർ എല്ലാവരും സത്യവിശ്വാസികളാണ്.**
B) വിശ്വാസികൾക്ക് ഇനി ദേവാലയത്തിനു പുറത്തേക്കു പോകാം.
C) എല്ലാ വിശ്വാസികളും വിശുദ്ധിയുള്ളവരാകുന്നു എന്നു പ്രഖ്യാപിക്കുന്നു.
D) ഇവയെല്ലാം ശരിയാണ്.

**60) കൃംതാനമസ്കാരത്തിന്റെ പ്രധാന ധ്യാനവിഷയം എന്താണ്?**
**A) യേശുക്രിസ്തുവിന്റെ ഉയിർപ്പ്**
B) യേശുക്രിസ്തുവിന്റെ കുരിശുമരണം
C) യേശുക്രിസ്തുവിന്റെ മാമോദീസാ
D) അപ്പോസ്തലന്മാരുടെ ദൗത്യം

**61) ''മോറാനേശുമശിഹാ ഉൾക്കൊണ്ടോരീ നിൻമെയ്യും - തിരുരക്തമതും...'' എന്ന ഗീതം എപ്പോഴാണ് ചൊല്ലുന്നത്?**
A) തൂയോബായ്ക്കു മുമ്പ്
B) കുർബാനാനന്തര ശുശ്രൂഷയ്ക്കു മുമ്പ്
**C) കുർബാനാനന്തര ശുശ്രൂഷയിൽ**
D) കുക്കിലിയോനു മുമ്പ്

**62) ആണ്ടിലൊരിക്കൽ ഉള്ള പാപപരിഹാര യാഗത്തിന്റെ മുഖ്യ കാർമ്മികൻ ആരായിരുന്നു?**
**A) മഹാപുരോഹിതൻ**
B) റബ്ബി
C) ലേവ്യൻ
D) ശാസ്ത്രി

**63) താഴെ പറയുന്നവയിൽ കുർബാന സ്ഥാപനവുമായി ബന്ധപ്പെട്ട ശരിയായ പരാമർശം ഏതാണ്?**
A) യേശു ഗലീലയിലേക്കു വന്നത് പെസഹാ ആചരിക്കുവാനാണ്.
**B) യേശുവും ശിഷ്യന്മാരും ഭക്ഷണത്തിന് ഇരുന്നത് സന്ധ്യയായപ്പോഴാണ്.**
C) പത്രോസ് ശ്ലീഹാ യേശുവിന്റെ മാറിൽ ചാരിയിരുന്നു.
D) അത്താഴത്തിനു ശേഷം യേശുവും ശിഷ്യന്മാരും യഹൂദ തിരുവെഴുത്തുകൾ വായിച്ചു.

**64) തൂയോബോയുടെ ഭാഗമല്ലാത്തത് ഏതാണ്?**
A) വിശുദ്ധ കുർബാനയ്ക്കുള്ള അപ്പ വീഞ്ഞുകൾ ക്രമീകരിക്കുന്നു.
**B) അപ്പത്തിനുള്ള മാവ് കുഴച്ചുവയ്ക്കുന്നു.**
C) അംശവസ്ത്രങ്ങൾ ധരിക്കുന്നു.
D) വ്യക്തികളുടെ പേരുകൾ രഹസ്യമായി ഓർക്കുന്നു.

**65) ''നിൻമാതാവു വിശുദ്ധന്മാർ...'' എന്ന മാനീസ രചിച്ചതാര്?**
A) മാബൂഗിലെ പീലക്സീനോസ്
**B) അന്ത്യോഖ്യായിലെ സേവേറിയോസ്**
C) അലക്സാന്ത്രിയായിലെ കൂറീലോസ്
D) കൈസര്യയിലെ ബസേലിയോസ്

**66) അനാഫോറയുടെ ഭാഗമല്ലാത്തത് ഏതാണ്?**
A) സമാധാനത്തിനായുള്ള പ്രാർത്ഥന.
B) തുബ്ദേൻ
C) ലുത്തിനിയാകൾ
**D) തൈലംകൊണ്ടുള്ള അഭിഷേകം.**

**67) 'അമർത്യതയുടെ ഔഷധമെന്നും മരണത്തിനെതിരായുള്ള മറുമരുന്നെന്നും' വി. കുർബാനയെ വിശേഷിപ്പിച്ചത് ആരെ?**
**A) വി. ഇഗ്നാത്തിയോസ്**
B) വി. ക്ലീമ്മീസ്
C) വി. ബസേലിയോസ്
D) വി. അന്തോണിയോസ്

**68) വി. യാക്കോബിന്റെ തക്സായുമായി ബന്ധപ്പെട്ട ശരിയായ പരാമർശം ഏതാണ്?**
A) 20-ാം നൂറ്റാണ്ടിലാണ് ഈ തക്സ രൂപപ്പെട്ടത്
**B) ഇത് ആദ്യം എഴുതിയത് ഗ്രീക്ക് ഭാഷയിലാണ്.**
C) പ്രാർത്ഥനകളുടെ അവസാനം പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിശദീകരണം ചുരുക്കമാണ്.
D) ഈ തക്സായിലെ പ്രാർത്ഥനകൾ പരുമല തിരുമേനി ചുരുക്കി.

**69) പരിശുദ്ധ ത്രിത്വ ആശീർവാദം ഏതു വേദഭാഗമാണ്?**
A) വി. മത്തായി 1:1
B) വി. യോഹന്നാൻ 1:1
**C) 2 കൊരിന്ത്യർ 13:14**
D) വെളിപാട് 21:11

**70) വി. കുർബാനയിലെ ആതിഥേയത്വം സംബന്ധിക്കുന്ന ഓർത്തഡോക്സ് വീക്ഷണത്തിൽ ഉൾപ്പെടുന്നത് ഏത്?**
A) ഒരേ വിശ്വാസം പുലർത്തുന്നവർ ഒരുമിച്ചു ചേർന്നു നടത്തുന്നതാണ് വി. കുർബാന.
B) മാമോദീസായല്ല വി. കുർബാനയാണ് ഐക്യത്തിന്റെ അടിസ്ഥാനം.
C) വി. കുർബാന ഐക്യത്തിന്റെ ലക്ഷ്യമാണ്, മാർഗ്ഗമല്ല.
**D) ഇവയെല്ലാം ശരിയാണ്.**

**71) ത്രൈശുദ്ധ കീർത്തനം, ധൂപക്കുറ്റി വാഴ്വ്, കാസാ-പീലാസാ ഉയർത്തൽ എന്നിവയുടെ പൊതുവായ എന്താണ്?**
**A) ത്രിത്വാരാധന**
B) വിശുദ്ധരുടെ മധ്യസ്ഥത
C) വാങ്ങിപ്പോയവരുടെ അനുസ്മരണം
D) സഭയുടെ പാരമ്പര്യം

**72) ശ്ലീഹാ എന്ന വാക്കിന്റെ അർത്ഥം എന്താണ്?**
A) തെരഞ്ഞെടുക്കപ്പെട്ടവൻ
B) മികവുള്ളവൻ
C) ശിഷ്യൻ
**D) നിയോഗിക്കപ്പെട്ടവൻ**

**73) 'Liturgy after the Liturgy' എന്ന വിഷയത്തെ സംബന്ധിക്കുന്ന ഓർത്തഡോക്സ് സഭയുടെ പഠിപ്പിക്കൽ എന്താണ്?**
A) ദൈവസേവനവും മനുഷ്യസേവനവും കൂടുമ്പോൾ യഥാർത്ഥ ആരാധന പൂർത്തിയാകുന്നു.
B) ആരാധനയും മിഷനും ഒരുമിച്ചു നിൽക്കുന്നു.
C) ആരാധനയും മിഷനും വിശ്വാസി നിലനിർത്തണം.
**D) ഇവയെല്ലാം**

**74) ഉത്തരേന്ത്യയിൽ മലങ്കര സഭയുടെ മിഷനറിയായി കഠിനാധ്വാനം ചെയ്ത മെത്രാപ്പോലീത്ത ആരാണ്?**
A) ഗീവർഗീസ് മാർ ഈവാനിയോസ്
B) തോമസ് മാർ മക്കാറിയോസ്
C) മാത്യൂസ് മാർ ബർണബാസ്
**D) സ്തേഫാനോസ് മാർ തേവോദോസിയോസ്**

**75) കൊളോണിയൽ ശക്തികളുടെ ഒപ്പം വന്ന്, ഹീനമായ മതപരിവർത്തന രീതികൾ ഇന്ത്യയിൽ പ്രയോഗിച്ചത് ആര്?**
A) പേർഷ്യൻ മിഷനറിമാർ
**B) ജസ്യൂട്ട് മിഷനറിമാർ**
C) ക്നായിത്തോമ്മാ
D) വടക്കേ ഇന്ത്യക്കാരായ ക്രിസ്ത്യാനികൾ.

**76) ഓർത്തഡോക്സ് പാരമ്പര്യത്തിൽ സുവിശേഷ പ്രഖ്യാപനം എന്നാൽ എന്താണ്?**
A) സുവിശേഷം ആരിലും അടിച്ചേൽപ്പിക്കരുത്.
B) സുവിശേഷദൗത്യം വഹിക്കുന്നവർ ദ്രവ്യാഗ്രഹികളാകരുത്.
C) യേശുക്രിസ്തുവിന്റെ മാതൃക സഭ പിൻതുടരണം.
**D) ഇവയെല്ലാം ശരിയാണ്.**

**77) ഗ്രീക്ക് ഓർത്തഡോക്സ് മിഷണറിമാരായ മെത്തോഡിയസ്, കൂറിലോസ് എന്നിവരുടെ സംഭാവന എന്താണ്?**
**A) റഷ്യ, ബൾഗേറിയാ തുടങ്ങിയ പ്രദേശത്തെ സ്ലാവിക്ക് ജനതയെ സുവിശേഷം അറിയിച്ചു.**
B) വടക്കേ ഇന്ത്യയിൽ സുവിശേഷം അറിയിച്ചു.
C) ഗ്രീസിൽ ആശ്രമങ്ങൾ തുടങ്ങി.

D) റോമാ സാമ്രാജ്യത്തിൽ സുവിശേഷം അറിയിച്ചു.

**78) സ്ലീബാദാസ സമൂഹത്തിന്റെ സ്ഥാപകനാര്?**
A) പൗലോസ് മാർ ഗ്രീഗോറിയോസ്
**B) പത്രോസ് മാർ ഒസ്താത്തിയോസ്**
C) ഗീവർഗീസ് മാർ ഒസ്താത്തിയോസ്
D) ഗീവർഗീസ് മാർ ഗ്രിഗോറിയോസ്

**79) പുരാതന സഭയുടെ വിശ്വാസവും നല്ല പാരമ്പര്യങ്ങളും ആരാധനയും അഭംഗുരം പാലിക്കപ്പെടുന്നത് ഏതു സഭയിലാണ്?**
**A) ഓർത്തഡോക്സ്**
B) റോമൻ കത്തോലിക്കാ
C) പ്രൊട്ടസ്റ്റന്റ്
D) കരിസ്മാറ്റിക്

**80) ഓർത്തഡോക്സ് പാരമ്പര്യത്തിൽ പ്രാർത്ഥനയ്ക്കുള്ള യാമങ്ങൾ എത്ര?**
A) 3
B) 2
**C) 7**
D) 9

**81) പരിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണം എന്താണ്?**
A) മാമോദീസാ
**B) മൂറോൻ**
C) സന്തോഷതൈലം
D) പട്ടത്വം

**82) വിവാഹം, കുടുംബജീവിതം എന്നിവയെ സംബന്ധിക്കുന്ന ഓർത്തഡോക്സ് സഭയുടെ പഠിപ്പിക്കലിൽ ഉൾപ്പെടാത്തത് ഏതാണ്?**
A) സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തോട് തുല്യമായി ഭാര്യാഭർത്തൃബന്ധത്തെ സഭ കണക്കാക്കുന്നു.
B) ദൈവം യോജിപ്പിക്കുന്നതാണ് ക്രൈസ്തവ കുടുംബങ്ങൾ.
**C) വിവാഹത്തിന്റെ കൗദാശിക നന്മകൾ ആവർത്തിക്കപ്പെടുന്നു.**
D) ത്യാഗവും കരുതലും അടങ്ങുന്ന സ്നേഹമാണ് ദമ്പതികളെ ഒന്നിപ്പിക്കുന്നത്.

**83) ശുശ്രൂഷയുടെ അടിസ്ഥാനത്തിൽ പൗരോഹിത്യസ്ഥാനികളിൽ ഉൾപ്പെടുന്നത് തെരഞ്ഞെടുക്കുക.**
A) മെത്രാപ്പോലീത്ത, റമ്പാൻ, കശീശാ.
B) കാതോലിക്കാ, മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാ.
**C) എപ്പിസ്കോപ്പ, കശീശാ, ശെമ്മാശൻ.**
D) കാതോലിക്കാ, മെത്രാപ്പോലീത്താ, കശീശാ.

**84) ഏതു കൂദാശയിലാണ് ശുശ്രൂഷയിൽ സംബന്ധിച്ച എല്ലാ വിശ്വാസികളെയും ശുശ്രൂഷയിൽ ഉപയോഗിച്ച തൈലത്താൽ നെറ്റിയിൽ റൂശ്മാ ചെയ്യുന്നത്?**
A) തൈലാഭിഷേകം
**B) കന്തീലാ**
C) ദനഹാ പെരുന്നാൾ

D) വാദേ ദൽമീനോ

**85) ശവസംസ്കാര ശുശ്രൂഷയിലെ പ്രാർത്ഥനകളിൽ ഉൾപ്പെടാത്ത ആശയം ഏതാണ്?**

**A) മരണം ഒരു അവസാനമാണ്.**

B) ഇഹലോകവാസം ക്ഷണികമാണ്.

C) പുനരുത്ഥാനത്തിലുള്ള പ്രത്യാശ.

D) യുഗാന്ത്യം

**86) ഭവനകൂദാശയിൽ വായിക്കുന്ന ഏവൻഗേല്യോൻ ഭാഗം ഏതാണ്?**

A) കാനാവിലെ കല്യാണം.

B) ലാസറിനെ ഉയിർപ്പിക്കുന്നു.

C) യേശുവും കുടുംബവും.

**D) സക്കായിയുടെ മാനസാന്തരം.**

**87) യൽദോ പെരുന്നാളിലെ പ്രാർത്ഥനകളുടെയും ഗീതങ്ങളുടെയും പ്രധാന പ്രമേയം എന്താണ്?**

A) യോഹന്നാൻ സ്നാപകന്റെ ജനനം.

**B) മനുഷ്യാവതാര രഹസ്യത്തിന്റെ വർണ്ണന.**

C) വിദ്വാന്മാരുടെ ആഗമനം.

D) തിരുകുടുംബത്തിന്റെ പ്രത്യേകതകൾ.

**88) 'പ്രകാശത്തിന്റെ പെരുന്നാൾ' എന്ന് അറിയപ്പെടുന്നത് ഏതു പെരുന്നാളാണ്?**

**A) ദനഹാ**

B) യൽദോ

C) ശൂനോയോ

D) ക്യംതാ

**89) നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ പുതുക്കത്തിനുള്ള പ്രാർത്ഥനകളും ശുശ്രൂഷകളും അടങ്ങിയ പെരുന്നാൾ ഏതാണ്?**

A) ദനഹാ

B) യൽദോ

**C) പെന്തക്കോസ്തി**

D) ക്യംതാ

**90) ഇന്ത്യൻ ഭരണഘടനയുടെ ഏത് അനുച്ഛേദമാണ് ജീവിക്കാനുള്ള അവകാശത്തെക്കുറിച്ചുള്ളത്?**

**A) 21**

B) 18

C) 15

D) 25